**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 578 28.09.2011 - ൽ മറുപടിയ്ക്ക്

## പ്രമേഹ രോഗ നിയന്ത്രണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി. | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) സംസ്ഥാനത്ത് പ്രമേഹ ബാധിതരുടെ എണ്ണം താരതമ്യേന ഉയർന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ രോഗ നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കമോ; | (ബി) പ്രമേഹ രോഗ നിയന്ത്രണത്തിനായുള്ള ബോധവൽക്കരണം,ആരോഗ്യ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻക്കര താലൂക്കിലും,വയനാട് ജില്ലയിലും ആശ പ്രവർത്തകരെ ഉൾപ്പെടുത്തി പ്രമേഹരോഗം, രക്ത സമ്മർദ്ദ ബോധവൽക്കരണ നിയന്ത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫീൽഡ് തല രോഗ നിയന്ത്രണ ക്യാമ്പുകളും മരുന്നു വിതരണവും നടത്തി വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പ്രമേഹ രോഗമടക്കമുള്ള ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി സംസ്ഥാനത്തെ 5 ജില്ല കളിൽ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തെ ചില പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും , സി.എച്ച്.സി കളിലും പഞ്ചായത്ത്/ ബ്ലോക്ക് തല പ്രോജക്ടുകളിൽ ഉൾപ്പെടുത്തി രോഗ നിയന്ത്രണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

പ്രമേഹ രോഗ നിർണ്ണയത്തിനായി സർക്കാർ അധീനതയിലുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ ഒട്ടനവധി പ്രമേഹ നിയന്ത്രണ ബോധവൽക്കരണ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്. കൂടാതെ അത്യാധുനിക ലബോറട്ടറി സൗകര്യവും ചികിത്സാ സൗകര്യവും ഇവിടെ ലഭിക്കുന്നതാണ്. പ്രമേഹരോഗ ക്ലിനിക്കിനു പുറമേ സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ഗ്യാസ്ട്രോ എന്ററോളജി, എന്റക്രിനോളജി, ഒഫ്ത്താൽമോളജി, ഫിസിക്കൽ മെഡിസിൻ, ഡെർമ്മറ്റോളജി മുതലായ വിദഗ്ധ സേവനവും ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാണ്.

(സി) രോഗ നിർണ്ണയം വൈകിപ്പോകുന്നതു മൂലമുള്ള അപകട സാധ്യത കണക്കിലെടുത്ത് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) രോഗത്തെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ,ഹൈറിസ്ക് ഗ്രൂപ്പിൽപ്പെടുന്നവരുടെ രക്ത പരിശോധന പ്രോൽസാഹിപ്പിക്കൽ, ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കൽ, ജീവനക്കാരുടെ പരിശീലനം തുടങ്ങിയവ നടത്തി വരുന്നു. കൂടാതെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ ക്യാമ്പുകൾ സ്കൂൾ തലത്തിലും ജോലി സ്ഥലങ്ങൾ കേന്ദ്രീകരിച്ചും മറ്റ് സാമൂഹ്യ തലത്തിലും നടത്തി വരുന്നു. രോഗ നിർണ്ണയം വൈകി പോകുന്നതു മൂലമുണ്ടാകുന്ന സങ്കീർണ്ണതകൾക്കായി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രത്യേകം ക്ലിനിക്കുകൾ നടന്നു വരുന്നുണ്ട്.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലെ പരിശോധനാ ലബോറട്ടറികളിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള സ്ഥാപനങ്ങളിലെ ലബോറട്ടറികളിൽ പ്രമേഹരോഗം കണ്ടു പിടിക്കാനുള്ള സംവിധാനം നിലവിലുണ്ട്. Quality Council of India (QCI) യുടെ

അംഗീകാരം ലഭിച്ചിട്ടുള്ള അത്യാധുനിക സൗകര്യങ്ങളോട്ടു കൂടിയ ലബോറട്ടറി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ പ്രവർത്തിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | വിവിധ തരത്തിലുള്ള രക്ത പരിശോധന, ആഹാരക്രമം എന്നിവയി യിലെ പ്രത്യേകത കണക്കിലെടുത്തു സർക്കാർ ലാബുകളുടെ പ്രവർത്തന സമയം രാവിലെ ഏഴു മണിക്കെങ്കിലും ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുമോ ? | (ഇ) | പ്രമേഹരോഗികൾക്കും മറ്റും സൗകര്യ പ്രദമാകുന്ന വിധത്തിൽ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലബോറട്ടറിയുടെ പ്രവർത്തനം 24 മണിക്കൂറും ലഭ്യമാക്കു ന്നതിന് നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ